(ബി) ബംഗ്ലൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ സഹായത്തോടെ സംസ്ഥാനത്ത് തന്നെ ഇത്തരം പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഇത്തരം കൂടുതൽ കേന്ദ്രങ്ങൾ തുടങ്ങണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ പുതുതായി എവിടെയൊക്കെ ഇത്തരം കേന്ദ്രങ്ങൾ തുറക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇംഗ്ലീഷ് അദ്ധ്യാപക പരിശീലനത്തിനായി ബ്രിട്ടീഷ് കൗൺസിലിന്റെ എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് ;

(ഇ) ബ്രിട്ടീഷ് കൗൺസിലിന്റെ സഹകരണത്തോടെ എവിടെയൊക്കെ പരിശീലന കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നു ; ഇത്തരത്തിൽ കൂടുതൽ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകർക്ക് ബാംഗ്ലൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനവുമായി സഹകരിച്ച് പരിശീലനം നൽകി വരുന്നു. കൂടാതെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ ഇംഗ്ലീഷ് പഠന കേന്ദ്രങ്ങളിലും അദ്ധ്യാപകർക്ക് ഇംഗ്ലീഷിൽ തുടർ പരിശീലനം നൽകി വരുന്നു. ക്ലസ്റ്റർ തല പരിശീലന പരിപാടികൾ, തൽസ്ഥല സഹായ പരിപാടികൾ എന്നിവ നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) പരിഗണനയിലില്ല.

(ഡി) ബ്രിട്ടീഷ് കൗൺസിലിന്റെ അക്കാദമിക് പിന്തുണയോടെ കൊല്ലം ജില്ലയിലെ പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് കഴിഞ്ഞ വർഷം പരിശീലനം നൽകുകയുണ്ടായി.

(ഇ) ബ്രിട്ടീഷ് കൗൺസിലിന്റെ സഹകരണത്തോടെ സംസ്ഥാനത്ത് അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല.

പഞ്ചായത്ത് സ്കൂളുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ

7 (3753) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്ത് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാനദണ്ഡങ്ങൾ പാലിക്കാതെ പഞ്ചായത്ത് സ്കൂളുകൾ സർക്കാർ ഏറ്റെടുത്തതായ പരാതികൾ ഉയർന്നു വന്നിട്ടുണ്ടോ ;

(സി) ഈ പരാതികൾ പരിശോധിക്കാനും ഇക്കാര്യത്തിൽ പരിഹാര നടപടി സ്വീകരിക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകളെ സംബന്ധിച്ച എത്ര കേസ്സുകൾ ഇനിയും തീർപ്പാകാതെ കോടതികളുടെ പരിഗണനയിൽ ഉണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2-1-2010-ലെ ജി.ഒ. (എം.എസ്.) നമ്പർ.2/10/പൊ.വി.വ ഉത്തരവ് പ്രകാരമാണ് സ്കൂളുകൾ ഏറ്റെടുത്തിട്ടുള്ളത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) പഞ്ചായത്തു സ്കൂളുകൾ ഏറ്റെടുത്തത് സംബന്ധിച്ച കേസ്സുകൾ ഒന്നും നിലവിലില്ല.

സർക്കാർ ഏറ്റെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ

8 (3754) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളെ സർക്കാർ ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഏറ്റെടുക്കുന്ന സ്കൂളുകളിൽ എത്ര പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകൾ ഉണ്ടെന്നും ഇവയിലോരോന്നിലും എത്ര അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർ വീതമുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) സർക്കാർ ഏറ്റെടുക്കുമ്പോൾ ഈ ജീവനക്കാരുടെ സർവ്വീസ് എപ്രകാരം ക്രമീകരിക്കുമെന്ന് വിശദമാക്കുമോ ;

(ഡി) ഇവരുടെ സീനിയോറിറ്റി, ഗ്രേഡ്, പ്രൊമോഷൻ, ട്രാൻസ്ഫർ എന്നീ കാര്യങ്ങളിൽ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളെക്കുറിച്ച് വിശദമാക്കുമോ ;

(ഇ) സ്കൂളുകളെ ഏറ്റെടുക്കുന്നതുമൂലം സർക്കാരിനുണ്ടാകുന്ന അധിക ബാധ്യതകളെന്തൊക്കെയെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly